# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4684 — 19/05/2017-ലെ മറുപടിയ്ക്ക്

### വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകിയ സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ശശി | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങൾക്കും പട്ടിക ഗോത്ര വിഭാഗങ്ങൾക്കും ചികിത്സയ്ക്കായി എന്തെല്ലാം സഹായ പദ്ധതികളാണ് നിലവിലുള്ളത്; | (എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി. പ്രോജക്ടാഫീസർമാർ/പട്ടികവർഗ്ഗ വികസന ഓഫീസർമാർ മുഖേനയും വകുപ്പ് അധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ ബഹുമാനപ്പെട്ട വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ച് വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി.ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. HLL (Hindusthan Lifecare Limited) മുഖേന വകുപ്പിന് കീഴിൽ മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ |

<table>
<tr>
<td></td>
<td></td>
<td></td>
<td>യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ KMSCL (Kerala Medical Services Corporation Limited) മുഖേന കൊല്ലം, ഇടുക്കി ജില്ലയിലെ അടിമാലി എന്നിവിടങ്ങളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.<br>അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവ് മൂലമുള്ള അസുഖങ്ങളുടെ ചികിത്സക്കായി 3 NRC(Nutrition Rehabilitation Centre) കളും പ്രവർത്തിക്കുന്നു.<br>സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,500/-രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി പ്രതിമാസം 1,000/-രൂപ വീതം 18 മാസത്തേയ്ക്ക് നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിവരുന്നു.<br>പട്ടികജാതി വിഭാഗത്തിൽ 1,00,000/-രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് ചികിത്സാ സഹായമായി 50,000/-രൂപ വരെ അനുവദിച്ചുവരുന്നു.ക്യാൻസർ,ഹൃദയ ശസ്ത്രക്രിയ, വൃക്കരോഗം, ഹീമോഫീലിയ, ബ്രെയിൻ ട്യൂമർ തുടങ്ങിയ മാരകരോഗങ്ങൾക്ക് 1,00,000/-രൂപ വരെ ചികിത്സിക്കുന്ന ആശുപത്രി മുഖേന നൽകിവരുന്നു. കൂടാതെ കുടുംബത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടാൽ 50,000/-രൂപ ധനസഹായമായി നൽകിവരുന്നു.</td>
</tr>
<tr>
<td>(ബി)</td>
<td>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇവരുടെ ചികിത്സയ്ക്കായി എത്ര തുക ഓരോ വർഷവും വകയിരുത്തി; എത്ര തുക ചെലവാക്കി; എത്ര പേർക്ക് സഹായം നൽകാൻ കഴിഞ്ഞു; വിശദാംശം ലഭ്യമാക്കുമോ;</td>
<td>(ബി)</td>
<td>
<table>
<tr><th>വർഷം</th><th>വകയിരുത്തിയത്</th><th>ചെലവഴിച്ചത്</th><th>ഗുണഭോക്താക്കളുടെ എണ്ണം</th></tr>
<tr><td>2011-12</td><td>1 കോടി 40 ലക്ഷം രൂപ</td><td>1 കോടി 40 ലക്ഷം രൂപ</td><td rowspan="3">ആകെ 1,25,00</td></tr>
<tr><td>2012-13</td><td>1 കോടി 50 ലക്ഷം രൂപ</td><td>1 കോടി 50 ലക്ഷം രൂപ</td></tr>
<tr><td>2013-14</td><td>4 കോടി രൂപ</td><td>3 കോടി 99.93 ലക്ഷം രൂപ</td></tr>
</table>
</td>
</tr>
</table>

| | | | |
|---|---|---|---|
| | | | <table><tr><td>2014-15</td><td>8 കോടി 50 ലക്ഷം രൂപ</td><td>8 കോടി 49.63 ലക്ഷം രൂപ</td></tr><tr><td>2015-16</td><td>13 കോടി 10 ലക്ഷം രൂപ</td><td>13 കോടി 9.96 ലക്ഷം രൂപ</td></tr></table> പട്ടികജാതി വിഭാഗത്തിലുള്ള കണക്കുകളുടെ വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തീരുമാനമെടുത്ത എത്ര അപേക്ഷകളിൽ സഹായം നൽകാനുണ്ടായിരുന്നു എന്നും നിധിയിൽ എത്ര തുക ബാക്കിയുണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും, തീരുമാനമെടുത്ത പട്ടികവർഗ്ഗ വിഭാഗത്തിന്റെ 371 അപേക്ഷകളിൽ ധനസഹായം നൽകാനുണ്ടായിരുന്നു. കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട 2016-17 വർഷത്തെ '2225-02-282-91(P)' ശീർഷകത്തിൽ ആകെ 13 കോടി 80 ലക്ഷം രൂപ ബാക്കിയുണ്ടായിരുന്നു.<br><br>പട്ടികജാതി വിഭാഗത്തിൽ 5695 അപേക്ഷകർക്ക് ധനസഹായം നൽകുവാനുണ്ടായിരുന്നു. ദുരിതാശ്വാസ നിധിയിൽ തുക ബാക്കിയുണ്ടായിരുന്നില്ല. |
| (ഡി) | 2016-17 സാമ്പത്തിക വർഷം സഹായം അഭ്യർത്ഥിച്ച് എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് സഹായം നൽകി; എത്ര പേർക്ക് നൽകുവാനുണ്ട്; ഇത് എപ്പോൾ നൽകുവാൻ കഴിയും എന്നും വ്യക്തമാക്കുമോ? | (ഡി) | 2016-17 വർഷം ചികിത്സാ ധനസഹായം, അനുവദിക്കുന്നതിനായി ആകെ 12635 അപേക്ഷകൾ ലഭിച്ചു. 12558 പേർക്ക് സഹായം നൽകി. ഇനി 77 പേർക്ക് നൽകാനുണ്ട്.<br><br>പട്ടികജാതി വിഭാഗത്തിൽ 20192 അപേക്ഷകൾ ലഭിക്കുകയും 17664 പേർക്ക് സഹായം നൽകുകയും ചെയ്തു. 2528 പേർക്ക് സഹായം നൽകാനുണ്ട്.<br>ടി അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ